## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6334 — 03.04.2018-ന് മറുപടിയ്ക്ക്

### പിന്നോക്ക വിഭാഗക്കാർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. മമ്മൂട്ടി : | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| സ്വയം തൊഴിൽ കണ്ടെത്തുന്ന പിന്നോക്ക വിഭാഗക്കാർക്കായി പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന കുറഞ്ഞ പലിശ നിരക്കിൽ ദീർഘകാലാടിസ്ഥാനത്തിൽ വായ്പ അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ ? | ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (NBCFDC) വായ്പ വിനിയോഗിച്ചാണ് കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ പിന്നോക്ക വിഭാഗക്കാർക്കായി സ്വയം തൊഴിൽ വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. ദേശീയ ഏജൻസിയുടെ വ്യവസ്ഥയ്ക്ക് വിധേയമായി 5 ലക്ഷം രൂപ വരെയുള്ള വായ്പ 6% പലിശ നിരക്കിലും 5 ലക്ഷത്തിന് മുകളിൽ 10 ലക്ഷം രൂപ വരെയുള്ള വായ്പ 7% പലിശ നിരക്കിലും ആണ് അനുവദിച്ച് വരുന്നത്. വായ്പാ തിരിച്ചടവിന് 84 മാസം വരെ കാലാവധി അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ